കോട്ടയം, പാലക്കാട് ജില്ലകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ

41(730) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം, പാലക്കാട് ജില്ലകളിൽ എച്ച്.എസ്.എ മാത്സ്-ന്റെ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ബി) 2011 മാർച്ച് മാസം മേൽപ്പറഞ്ഞ വിഷയം പഠിപ്പിക്കുന്ന എത്ര അദ്ധ്യാപകർ പ്രസ്തുത ജില്ലകളിൽ നിന്ന് പെൻഷൻ ആകും ; അതിൻപ്രകാരം എത്ര ഒഴിവുകളുണ്ടാകും എന്ന് ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(സി) കോട്ടയം, പാലക്കാട് ജില്ലകളിൽ നിലവിലെ പി.എസ്.സി. ലിസ്റ്റുകൾ നിലവിൽ വന്നശേഷം പ്രസ്തുത ലിസ്റ്റുകളിൽ നിന്ന് എത്രപേരെ നിയമിച്ചു ; ജാതി തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോട്ടയം ജില്ലകളിൽ എച്ച്.എസ്.എ. മാത്സ് അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലില്ല. പാലക്കാട് ജില്ലയിൽ 13 എണ്ണം.

(ബി) കോട്ടയം ജില്ലയിൽ നിന്നും 2 അദ്ധ്യാപകരും പാലക്കാട് ജില്ലയിൽ നിന്ന് ഒരു അദ്ധ്യാപകനും പെൻഷൻ ആകും.

(സി) കോട്ടയം ജില്ലയിൽ നിന്നും 13 പേരെ നിയമിച്ചു. അവ താഴെ പറയും പ്രകാരമാണ് :

മുസ്ലീം	-	4
ഈഴവ	-	2
സാംബവർ	-	1
മണ്ണാൻ	-	1
എൽ.സി.	-	2
ഓപ്പൺ കാറ്റഗറി	-	3

പാലക്കാട് ജില്ലയിൽ നിന്നും 14 പേരെ നിയമിച്ചു. അവ താഴെ പറയും പ്രകാരമാണ് :

വിശ്വകർമ്മ	-	1
ക്രിസ്ത്യൻ ചേരമർ	-	1
സാംബവർ	-	1
മുസ്ലീം	-	1
എൽ.സി.	-	1
ഓപ്പൺ കാറ്റഗറി	-	9

LIBRARY ARCHIVES Kerala Legislative Assembly